**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3169** **14-02-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ? | (എ) | കാസർഗോഡ് ജില്ലയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന "പുനർഗേഹം" പദ്ധതിയിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ, ഹോസ്ദുർഗ്, പുഞ്ചാവി മത്സ്യഗ്രാമങ്ങളിലായി 64 പേരുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും, ഭവന നിർമ്മാണം പുരോഗതിയിലുമാണ്.<br><br>മത്സ്യതൊഴിലാളികളുടെ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം 1255 പേർക്കും, 2022-23 സാമ്പത്തിക വർഷം 1030 പേർക്കും, സഹായം ലഭിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം തുക സമാഹരണം നടന്നുകൊണ്ടിരിക്കുന്നു.<br><br>"പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഐസ് ബോക്സ് വിതരണം" പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 24 മത്സ്യതൊഴിലാളികൾക്ക് ആനുകൂല്യം അനുവദിച്ചു നൽകി. 2023-24 സാമ്പത്തിക വർഷം 11 മത്സ്യതൊഴിലാളികളും ഗുണഭോക്തൃ വിഹിതം ഒടുക്കി പദ്ധതിയിൽ അംഗമായിട്ടുണ്ട്. 2023-24 ൽ പദ്ധതി നടപ്പിലാക്കി വരുമ്പോൾ ആനുകൂല്യം അനുവദിച്ചു നൽകുന്നതാണ്.<br><br>പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് കടൽ സുരക്ഷ ഉപകരണമായ ജി.പി.എസ് നൽകുന്ന പദ്ധതിയിൽ 2022 വർഷം 06 പേർക്ക് ആനുകൂല്യം അനുവദിച്ച് നൽകി. 2023 വർഷം 02 പേരും ഗുണഭോക്തൃ വിഹിതം അടച്ചു പദ്ധതിയിൽ അംഗമായിട്ടുണ്ട്. 2023-24 ൽ പദ്ധതി നടപ്പിലാക്കി വരുമ്പോൾ ആനുകൂല്യം അനുവദിച്ചു നൽകുന്നതാണ്. |

പരമ്പരാഗത യാനങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷ പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 44 പേർക്ക് ആനുകൂല്യം അനുവദിച്ചു നൽകി. 2023-24 ൽ 36 പേരും ഗുണഭോക്തൃ വിഹിതം അടച്ചു പദ്ധതിയിൽ അംഗമായിട്ടുണ്ട്. 2023-24 ൽ പദ്ധതി നടപ്പിലാക്കി വരുമ്പോൾ ആനുകൂല്യം അനുവദിച്ചു നൽകുന്നതാണ്.

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനുമായി സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന (PMMSY) പദ്ധതികൾ പ്രകാരം 300 ഓളം മത്സ്യകർഷകർ വിവിധ ഇനം മത്സ്യകൃഷിയിൽ അംഗമായിട്ടുണ്ട്.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ സാഫ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

<u>1.ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)</u>
കേരളത്തിലുടനീളം ഈ പദ്ധതി നടപ്പിലാക്കുന്നു. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാൻറ് അനുവദിച്ചു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്തു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായി ഗ്രാന്റ് അനുവദിക്കുന്നു. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിച്ചു.

2.<u>ജെ.എൽ.ജി പ്രോജക്ട് ഫോർ എൻഷ്വറിംഗ് ലൈവ് ലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർവുമൺ ഇൻ കേരള</u>

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടേയും കൊള്ളപ്പലിശക്കാരുടേയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന

ഉദ്ദേശത്തോടെ സാഫ് മുഖേന 'ജെ.എൽ.ജി - പ്രോജക്ട് ഫോർ എൻഷ്വറിംഗ് ലൈവ് ലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർവുമൺ ഇൻ കേരള' പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിക്കുന്നത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10,000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകി. തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് വീണ്ടും ലഭിക്കുന്നു.

3.<u>തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്</u>

ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങൾ തനത് രുചിയോടെ തയ്യാർ ചെയ്യുന്നതിനായി തീരമൈത്രി സീഫുഡ് റസ്റ്റോറൻറ് പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന ഒരു സീ ഫുഡ് റസ്റ്റോറന്റ് രൂപീകരിക്കുന്നതിനായി 5 ലക്ഷംരൂപ (പദ്ധതിയുടെ 75%) വരെ ഗ്രാൻറായി അനുവദിച്ചു.

2023-24 സാമ്പത്തിക വർഷത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജെഎൽജി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ/ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം- 1**</u>

സംസ്ഥാന ബഡ്ജറ്റ് പദ്ധതി

| **ക്രമ നമ്പർ** | **പദ്ധതി** | **അടങ്കൽ തുക (ലക്ഷത്തിൽ)** | **നിലവിലെ അവസ്ഥ** |
|---|---|---|---|
| 1 | ജി.ആർ.എഫ്.റ്റി.എച്ച്.എസ്സ്, കാഞ്ഞങ്ങാട് ഹോസ്റ്റൽ റീവയറിംഗ് | 4.38 | പദ്ധതി പൂർത്തീകരിച്ചു |
| കിഫ്ബി പദ്ധതി | | | |
| 2 | കാഞ്ഞങ്ങാട് മത്സ്യമാർക്കറ്റ് വികസനം | 249.79 | പദ്ധതി പ്രദേശം സംബന്ധിച്ച് മുനിസിപ്പാലിറ്റിയിൽ നിന്നും അന്തിമ തീരുമാനം ലഭിച്ചിട്ടില്ല. |

**<u>അനുബന്ധം-2</u>**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

| **ക്രമ നം.** | **ഭരണാനുമതി നൽകിയ വർഷം** | **പ്രവൃത്തിയുടെ പേര്** | **ഭരണാനുമതി തുക(ലക്ഷത്തിൽ)** | **പ്രവൃത്തി പുരോഗതി** |
|---|---|---|---|---|
| 1 | 2021-22 | ഫ്രണ്ട്സ് ക്ലബ് റോഡ് | 49.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | | ഇഖ് ബാൽ എച്ച്.എസ്.എസ്. പുളിക്കാൽ അമ്പലം റോഡ് റീ-ടാറിംഗ് | 41.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | | കാറ്റാടി ജംഗ്ഷൻ - കൊതിക്കൽ റോഡ് - റീ ടാറിംഗ് | 7.60 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | | ചേറ്റുകുണ്ട് - ചിത്താരി കടപ്പുറം അഴിമുഖം റോഡ് - റീ ടാറിംഗ് | 35.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | 2022-23 | ഇഖ് ബാൽ എച്ച്.എസ്.എസ്. അടിമേൽ - ടെമ്പിൾ റെയിൽവേ ട്രാക്ക് റോഡ് - കോൺക്രീറ്റ് റോഡ് നവീകരണം | 114.80 | പ്രവൃത്തി പൂർത്തീകരിച്ചു. |